**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2217** **09-02-2023 - ൽ മറുപടിയ്ക്ക്**

**പ്രവർത്തനരഹിതമായ റേഷൻ കടകൾ തുറന്ന് പ്രവർത്തിക്കുന്നതിന് നടപടി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ മാത്യു ടി. തോമസ്** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | റദ്ദ് ചെയ്തതോ പ്രവർത്തനം നിർത്തിയതോ ആയ റേഷൻ കടകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് പ്രവർത്തനം നിർത്തിയതും സ്ഥിരമായി റദ്ദ് ചെയ്തതുമായ 599 റേഷൻ കടകൾക്ക് ലൈസൻസി നിയമനത്തിനായി ആദ്യ ഘട്ടത്തിൽ വിജ്ഞാപനം നടത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. രണ്ടാം ഘട്ടത്തിൽ ഫയൽ തീർപ്പാക്കൽ അദാലത്തുമായി ബന്ധപ്പെട്ട് ലഭ്യമായ 686 കേസുകളിൽ നടപടിക്രമങ്ങൾ പാലിച്ച് ലൈസൻസ് പുന:സ്ഥാപിച്ച് നൽകാൻ കഴിയുമോയെന്ന് പരിശോധിച്ച് ആയതിനനുസൃതമായി തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | റേഷൻ കടകളെ കൂടുതൽ ജനസൗഹൃദമാക്കുന്നതിന് നടപ്പാക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (ബി) | പൊതുവിതരണ രംഗത്തെ ശാക്തീകരിക്കുന്നതിന്റെയും പൊതുജനോപകാര പ്രദമായ കൂടുതൽ സേവനങ്ങൾ നൽകുന്നതിന്റെയും ഭാഗമായി റേഷൻ കടകൾ വൈവിദ്ധ്യവത്കരിക്കുവാൻ തീരുമാനിക്കുകയും ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻകടകളെ ഉൾപ്പെടുത്തിക്കൊണ്ട് ഐ.ടി സേവനങ്ങൾ, 5000/- രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം എന്നിവയും മിൽമ ഉത്പന്നങ്ങൾ, മിനി എൽ.പി.ജി സിലിണ്ടർ, സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ എന്നിവയുടെ വിപണനവും "**കെ-സ്റ്റോർ**" എന്ന പദ്ധതിയിലൂടെ നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ